## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1065.** **05.02.2020 ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്ററന്മാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബിരുദം അവശ്യ യോഗ്യതയും, കമ്പ്യൂട്ടർ പരിജ്ഞാനം, സർക്കാർ മിഷനുകളിൽ/സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിച്ച മുൻ പരിചയം, ലഹരി വിരുദ്ധ പ്രവർത്തന മേഖലയിലെ മുൻകാല പ്രാവീണ്യം എന്നിവ അഭികാമ്യം എന്നാണ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നിയമനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള അവശ്യ യോഗ്യത. |
| (സി) | വിരമിച്ച എക്സൈസ് ഉദ്യോഗസ്ഥർക്കും കരാർ നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുമോ; | (സി) | സാധിക്കും |
| (ഡി) | ഇതിനകം എത്ര പേരെ നിയമിച്ചുവെന്നും അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | (ഡി) | കൊല്ലം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലായി ഇതിനകം മൂന്ന് പേരെ നിയമിച്ചു. അവർക്ക് പ്രതിമാസം 50,000/- രൂപ കൺസോളിഡേറ്റഡ് പേ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ